**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 215 11.06.2012 -ൽ മറുപടിയ്ക്ക്**

**<u>ചന്ദ്രശേഖരൻ വധവുമായി ബന്ധപ്പെട്ട മൊഴികളുടെ നിജസ്ഥിതി</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ എ. കെ. ബാലൻ : | ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) ചന്ദ്രശേഖരൻ വധവുമായി ബന്ധപ്പെട്ട് അഴിയൂരിലെ നിർദ്ദിഷ്ട കുടിവെള്ള ബോട്ട്ലിംഗ് പ്ലാന്റ് ഉടമയായ സുകുമാരനെ പോലീസ് ചോദ്യം ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) ചന്ദ്രശേഖരൻ വധവുമായി ബന്ധപ്പെട്ട് ശ്രീ സുകുമാരനെ ഇതുവരെ ചോദ്യം ചെയ്തിട്ടില്ല. |
| ബി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്തവരുടെ മൊഴി എന്ന നിലയിൽ പത്രങ്ങളിലും ദൃശ്യമാധ്യമങ്ങളിലും വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>സി) പ്രസ്തുത വാർത്തകളിലെ മൊഴികളുടെ സത്യസന്ധത പരിശോധിച്ചിട്ടുണ്ടോ; ആയതിന്റെ നിജസ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ ? | (ബി) & (സി)<br><br>ചന്ദ്രശേഖരൻ വധവുമായി ബന്ധപ്പെട്ട് നിരവധി വാർത്തകളും പ്രസ്താവനകളും ദിവസേന പത്ര - ദൃശ്യ മാധ്യമങ്ങളിൽ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കേസന്വേഷണം നടത്തുന്ന പ്രത്യേക അന്വേഷണ സംഘം ഇത്തരത്തിലുള്ള പ്രസ്താവനകളും വാർത്തകളും അടിസ്ഥാനമാക്കിയല്ല കേസ് അന്വേഷണം നടത്തുന്നത് തെളിവുകളുടെയും മൊഴികളുടെയും അടിസ്ഥാനത്തിലാണ് കേസിൽ അന്വേഷണം നടത്തി വരുന്നത്. |

സെക്ഷൻ ഓഫീസർ